അടുക്കൽ പരാതിപ്പെട്ടിട്ട്, മേലധികാരികൾ, സ ക്കി ൾ ഇ ൻ സ്പെ ക് ടർ, ഡി. വൈ. എസ്പി. പി. എന്നീ ഉദ്യോഗസ്ഥന്മാർ നീതി നടത്താൻ ശ്രമിച്ചെങ്കിലും അവരെ ഭീഷണിപ്പെടുത്തിക്കൊണ്ട് അവർ അവിടെ കയറി താമസിക്കുകയാണ്, ഇരുഭാഗത്തും വളരെ ആളുകൾ സംഘം ചേർന്ന് ഇതിനെ നേരിടാൻ സന്നദ്ധരായി നിൽക്കുകയാണ്. പാലാ, കാഞ്ഞിരപ്പള്ളി മീനച്ചിൽ എന്നീ പ്രദേശങ്ങളിലെ മാർക്സിസ്റ്റു പാർട്ടി പ്രവർത്തകരും ഇതരകക്ഷികളിൽപ്പെട്ടവരും രണ്ട് സംഘമായി തിരിഞ്ഞ് ആയുധധാരികളായി അക്രമത്തിന് തയ്യാറായി നിൽക്കുകയാണ്, ഒരു സംഘം പോലീസുകാരും അവിടെയുണ്ട്. ഇന്നലെ രാത്രി വളരെ വൈകി കിട്ടിയ ഒരു വിവരം എന്തും ഏതു സമയത്തും സംഭവിക്കാവുന്ന തരത്തിൽ നൂറുകണക്കിനാളുകൾ ഇരു ഭാഗത്തും തയ്യാറെടുത്തു നിൽക്കുകയാണെന്നാണ്. സർ, ഇതു ഒരു തരത്തിലും അനുവദിക്കാവുന്നതല്ല, നീതീകരിക്കാവുന്നതല്ല. മാർക്സിസ്റ്റു പാർട്ടിയിലെ ആളുകൾക്ക് ഇന്ന് എന്തും ചെയ്യാം, പോലീസു അവർക്ക് പുല്ലാണ്. നമ്മുടെ രാജ്യത്ത് പല ഭാഗങ്ങളിലും ഇത്തരം അക്രമാസക്തമായ നടപടികൾ നടക്കുന്നുണ്ട്. ഇന്നലെ പാതിരാസ്സുശേഷം അവിടെ പരസ്പരം ആക്രമണമോ ആസ്തി നാശമോ വസ്തുനാശമോ സംഭവിച്ചിരിക്കാൻ സാദ്ധ്യതയുണ്ട്. അവിടെ നിയമസമാധാനം പുലർത്താനും, ആളുകളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും വളരെ വേഗം ഉചിതമായ നടപടി സ്വീകരിക്കണമെന്നും, മന്ത്രി ഇക്കാര്യം വളരെ ഗൗരവപൂർവ്വം കണക്കിലെടുത്ത് അവിടത്തെ അക്രമപ്രവർത്തനങ്ങളെ കർശനമായി നേരിടാൻ ഉടനടി ഉത്തരവു പുറപ്പെടുവിക്കണമെന്നും അഭ്യർത്ഥിക്കാനാണ് റൂൾ 61 അനുസരിച്ചുള്ള ഈ നോട്ടീസു നൽകിയിട്ടുള്ളത്. അങ്ങനെ ചെയ്യുമെന്നുള്ള പ്രതീക്ഷയിൽ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. കെ. കൃഷ്ണൻ: സർ, അവിടെ നിയമസമാധാനത്തിനുള്ള അടിയന്തരനടപടി ഗവണ്മെന്റു സ്വീകരിക്കുന്നതാണ്. ഇതു സംബന്ധിച്ച വിശദവിവരങ്ങളും ഗവണ്മെന്റിന്റെ കൈവശമില്ല. അടുത്ത ദിവസം മറുപടി പറയാം.

ഡെപ്യൂട്ടി സ്പീക്കർ: രണ്ടുമാസമായി പിന്നോക്ക പട്ടികജാതി ക്ഷേമവകുപ്പിലെ വാളന്റിയർമ്മാർ, അവർക്ക് അനുവദിച്ചിരുന്ന ചില ആനുകൂല്യങ്ങളും മുന്നു തലമുറ കഴിഞ്ഞു നിറുത്തലാക്കിക്കൊണ്ടുള്ള ഗവണ്മെന്റുത്തരവിനെതിരായി നടത്തിവരുന്ന സത്യഗ്രഹംമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥയെ ഗവണ്മെന്റു ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. കെ. എം. മാണി ഒരു നോട്ടീസു നൽകിയിട്ടുണ്ട്. ശ്രീ. മുസ്തഫാകമാലും അതു സംബന്ധിച്ചു നോട്ടീസു നൽകിയിട്ടുണ്ട്. അതു ബന്ധപ്പെട്ട മന്ത്രിക്കു അയച്ചുകൊടുക്കുന്നതാണ്.

## (ii) Attack on Agricultural labourers in Vallarpadam in Ernakulam District.

ഡെപ്യൂട്ടി സ്പീക്കർ: റൂൾ അറുപത്തിയൊന്നു അനുസരിച്ച് ശ്രീ. അലക്സാണ്ടർ പറമ്പിത്തറയുടെയും ശ്രീ. എൻ. കെ. ബാലകൃഷ്ണന്റെയും നോട്ടീസുകൾക്കു മന്ത്രി മറുപടി പറയുവാനുണ്ട്.

വനവും ഹരിജനക്ഷേമവും മന്ത്രി (ശ്രീ. എം. കെ. കൃഷ്ണൻ): സർ, കഴിഞ്ഞ ദിവസം ഇവിടെ ബഹുമാനപ്പെട്ട പറമ്പിത്തറമാസ്റ്റർ ഉന്നയിച്ചിട്ടുള്ളതു വല്ലാർപാടത്തെ കൊയ്ത്തുമായി ബന്ധപ്പെട്ട സംഗതിയാണ്. രത്നാകരൻ എന്നൊരാളിന്റെ സഹോദരിയുടെ വക നിലത്തിൽ കഴിഞ്ഞ 12-ാം തീയതി കൊയ്ത്തു ആരംഭിച്ചു. കൊയ്ത്തിനു കിട്ടുന്ന പതം സംബന്ധിച്ചു അവിടത്തെ തൊഴിലാളി യൂണിയൻ ഉന്നയിച്ചിരുന്ന ആവശ്യം അംഗീകരിക്കുവാൻ നിലം ഉടമ കൂട്ടാക്കാത്തതിനെത്തുടർന്നാണ് ഈ കൂലിപ്രശ്നത്തെ സംബന്ധിച്ചു തർക്കം ഉൽഭവിച്ചതു് കേരളത്തിൽ ബാക്കിയുള്ള സ്ഥലത്തെ ന്യായമായ കൂലി കിട്ടണമെന്നുള്ള ആവശ്യം തൊഴിലാളി യൂണിയൻ ഉന്നയിച്ചപ്പോൾ ആ ആവശ്യം അംഗീകരിക്കാൻ കൂട്ടാക്കാതെ

LIBRARY ARCHIVES Kerala Legislative Assembly

നിലം ഉടമ കൊയ്ത്തിനു ഏർപ്പാടു ചെയ്ത അവസരത്തിൽ ന്യായമായ കൂലി ലഭിക്കുവാൻവേണ്ടി തൊഴിലാളികൾ പ്രക്ഷോഭണവുമായി മുന്നോട്ടു വരികയും അതിനെ തുടർന്നു നിലമുടമയുടെ ആളുകളും തൊഴിലാളികളും തമ്മിൽ ഒരു സംഘട്ടനം അവിടെ വച്ചുനടക്കുകയും ചെയ്തു. സംഘട്ടനത്തിന്റെ ഫലമായിട്ടു തൊഴിലാളി ഭാഗത്തുള്ള ഒരാൾക്കും നിലംഉടമയുടെ ഭാഗത്തുള്ള മൂന്നുപേർക്കും പരിക്കേറ്റു എന്നുള്ളതു നേരാണു്. അവരെ നാലുപേരെയും എറണാകുളം ആശുപത്രിയിൽ ചികിൽസിപ്പിക്കുകയുമുണ്ടു്. ഈ സംഭവത്തെപ്പറ്റി പോലീസ്സിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥന്മാർ സ്ഥലത്തേയ്ക്കു പോകുകയും അവിടെ കൂടുതൽ ഗുരുതരമായ അവസ്ഥ ഇല്ലാതിരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും അന്നു തന്നെ സ്വീകരിക്കുകയും ചെയ്തു രണ്ടു ഭാഗത്തുനിന്നും പോലീസിനു നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും അതനുസരിച്ചു് അന്വേഷണം നടത്തുകയുമാണു് എന്തായാലും അവിടെ സ്ഥിതിഗതികൾ കൂടുതൽ മോശമാകാതിരിക്കുവാൻ വേണ്ടി പോലീസ് ഒരുമാതിരി ഏർപ്പാടു ചെയ്തിട്ടുണ്ടു്. അതു മാത്രവുമല്ല ഈ സംഭവത്തെപ്പറ്റി ബഹുമാനപ്പെട്ട പറമ്പിത്തറ മാസ്റ്റർ പറഞ്ഞ അവസരത്തിൽ അവിടെ തൊഴിൽപ്രശ്നം യാതൊന്നും ഉണ്ടായിരുന്നില്ല എന്നു സൂചിപ്പിക്കുകയുണ്ടായി. അതു ശരിയല്ല. ഈ സംഘട്ടനം കഴിഞ്ഞതിനുശേഷം തൊഴിലാളി പ്രതിനിധികളും നിലം ഉടമകളുടെ പ്രതിനിധികളും കൂടി ഒന്നിച്ചു് ആലോചിച്ചു് അന്നു വൈകുന്നേരം കൂലിത്തർക്കം ഒത്തുതീർപ്പിൽ ആക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ടു് ഇപ്പോഴും സ്ഥിതിഗതികൾ ശാന്തമാണു്. ശാന്തമായി കൊയ്ത്തു നടത്തുകയുമാണു്. മറ്റു യാതൊരു സ്ഥിതിഗതികളും ഇപ്പോൾ ഇല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ബഹുമാനപ്പെട്ട മന്ത്രിക്കു ഒരു പിശകു പറ്റി എന്നാണു് എനിക്കു തോന്നുന്നതു്. ഞാൻ എന്റെ നേട്ടീസ് മുഖാന്തിരം പറഞ്ഞതു് രത്നാകരന്റെ സഹോദരൻ എം. എസ്സ്. തങ്കപ്പന്റെ സ്ഥലത്തുണ്ടായ സംഭവത്തെപ്പറ്റിയാണു്. ബഹുമാനപ്പെട്ട മന്ത്രി മറുപടിപറയുന്നതു രത്നാകരന്റെ സഹോദരിയുടെ സ്ഥലത്തു നടന്ന കാര്യങ്ങളെപ്പറ്റിയാണു്. മന്ത്രി പറഞ്ഞ സ്ഥലത്തു യാതൊരു തക്കവും നടന്നിട്ടില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ശ്രീ. അലക്സാണ്ടർ പറമ്പിത്തറ പറഞ്ഞ കാര്യം തന്നെയാണു് ഞാൻ സംസാരിച്ചതു്. വല്ലാർപാടത്തു കൊയ്ത്തു സംബന്ധമായി എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ അതു ഈ രത്നാകരന്റെ സഹോദരിയുടെ പാടത്താണു്. അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ പാടത്തു യാതൊരു തക്കവും ഉണ്ടായിട്ടില്ല. അങ്ങനെ തക്കമുണ്ടായതായി യാതൊരു അറിവും ഉണ്ടായിട്ടില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അതു ഒന്നു പരിശോധിച്ചാൽ കൊള്ളാം.

ശ്രീ. എം. കെ. കൃഷ്ണൻ: അടുത്തതായി ശ്രീ. എൻ. കെ. ബാലകൃഷ്ണൻ റൂൾ 61—പ്രകാരം ഉന്നയിച്ചിട്ടുള്ള കാര്യമാണു്. റൂൾ 61—പ്രകാരം ഉന്നയിച്ച സംഗതിയെപ്പറ്റിയുള്ള വിശദാംശങ്ങൾ കിട്ടിയിട്ടില്ല. കിട്ടിയിട്ടു നാളെ മറുപടി പറയാം.

## ANNOUNCEMENT

### Appointment of a Special Committee to scrutinise the proceedings and cull out allegation against Shri B. Wellingdon.

ഡെപ്യൂട്ടി സ്പീക്കർ.—ഇന്നലെ വൈകുന്നേരം നാലുമണിക്കു് സ്പീക്കറുടെ ചേംബറിൽവച്ചു് നടന്ന ബിസിനസ് അഡ്വൈസറി യോഗത്തിൽ കഴിഞ്ഞ ദിവസം ഈ നിയമസഭയിൽ പാസ്സാക്കിയ നോൺഒഫിഷ്യൽ റെസല്യൂഷന്റെ അടിസ്ഥാനത്തിൽ ആരോഗ്യമന്ത്രി ശ്രീ. വെല്ലിംഗടനെതിരായ അഴിമതി ആരോ



LIBRARY ARCHIVES Kerala Legislative Assembly